**അധ്യായം**
**പത്ത്**

സെപ്റ്റംബറിലെ ഒരു പ്രഭാതം. കട്ടൻ കാപ്പി മൊത്തിക്കുടിച്ച് തിടുക്കത്തിൽ പത്രമൊന്നോടിച്ചു നോക്കുകയാണ് ജേക്കബ്. സെൽഫോൺ റിംഗ് ചെയ്യുന്നതു കേട്ട് ജേക്കബ് പത്രത്തിൽ നിന്നും തലയുയർത്തി. 'ബിനു കോളിംഗ്' എന്ന് മെസേജ് കണ്ടതോടെ തിടുക്കത്തിൽ കസേരയിൽ നിന്നെണീറ്റ് പുറത്തേക്കിറങ്ങി, ആകാംക്ഷയോടെ ഫോൺ ചെവിയോടു ചേർത്തു.

“ഹെലോ ഡാഡീ, ഒരു സന്തോഷവർത്തമാനമുണ്ട്. നമ്മുടെ വീട്ടിലേക്കൊരു കുഞ്ഞതിഥി കൂടി എത്തിയിരിക്കുന്നു.”

“സസ്പെൻസിടാതെ വിവരങ്ങളൊന്ന് തെളിച്ചുപറ മോനേ.”ആകാംക്ഷയും സന്തോഷവും തിരയടിക്കുന്നുണ്ടായിരുന്നു ജേക്കബിന്റെ ശബ്ദത്തിൽ.

“ഡാഡി ഒരു ഗ്രാൻഡ്പയായിരിക്കുന്നൂന്ന്, ആൺകുഞ്ഞാ... സബീനയും കുഞ്ഞും സുഖമായിരിക്കുന്നു. ഞാനിതാശുപത്രിയിൽ നിന്നാ വിളിക്കുന്നത്.”

“അതെയോ?” സന്തോഷം കൊണ്ട് ജേക്കബിന്റെ ശബ്ദം ഉയർന്നിരുന്നു.

“സഹായത്തിനാരുമില്ലാതെന്തു ചെയ്യും മോനേ...?”ജേക്കബ് പെട്ടെന്ന് യാഥാർഥ്യത്തിലേക്ക് തിരിച്ചുവന്നു.

“അതൊന്നും കുഴപ്പമില്ല ഡാഡീ. ഇവിടെ ഞങ്ങളുടെ കൂട്ടുകാർ ഏറെ പേരുണ്ട്. എന്തു സഹായത്തിനും അവരൊക്കെ ധാരാളം. വല്യപ്പച്ചന്റെ പേരു ചേർത്ത് കുഞ്ഞിനെ സെബിനെന്നു വിളിക്കണമെന്നാ ഞങ്ങൾ വിചാരിച്ചിരിക്കുന്നേ.” മകന്റെ വാക്കുകളിൽ, ചെയ്ത തെറ്റിനെയോർത്തൊരു കുറ്റബോധത്തിന്റെ സ്വരം നിഴലിക്കുന്നത് ജേക്കബ് തിരിച്ചറിഞ്ഞു.

“നല്ല കാര്യം മോനേ. നീ അങ്ങനെ ചിന്തിച്ചല്ലോ. സന്തോഷമായി ഡാഡിക്ക്.”

അന്നാമ്മച്ചേടത്തിക്കൊപ്പം അടുക്കളയിൽ കാപ്പിയും പലഹാരങ്ങളും ഉണ്ടാക്കുന്ന തിരക്കിലായിരുന്നു മേരി. ബിനുവിന്റെ ഫോണാണെന്ന് മനസിലായതോടെ മേരി തിരക്കിട്ട് ഓടിയെത്തി.

“വെക്കല്ലേ മോനേ, ദേ മമ്മിക്ക് നിന്നോട് സംസാരിക്കണമെന്ന്.” ബിനുവിനൊരാൺകുഞ്ഞുണ്ടായി എന്നു പറഞ്ഞ് മേരിയുടെ കൈയിലേക്ക് ജേക്കബ് ഫോൺ കൊടുത്തു.

“ഞാനിങ്ങനെ നിന്റെ ഫോൺ വരുന്നതെപ്പഴാന്നും നോക്കിയിരിക്കുകയാരുന്നു.നീ കുഞ്ഞിനെ കണ്ടോ മോനേ? എല്ലാക്കാര്യത്തിനും ഓടിനടന്ന് നീ ബുദ്ധിമുട്ടിക്കാണുമല്ലേ? നിന്റെ ആരോഗ്യം കൂടി ശ്രദ്ധിച്ചോണേ.അപകടം കഴിഞ്ഞ് നോർമലായി വരുന്നേയുള്ളൂ.”

“ഓ അതൊക്കെ ഞാൻ ശ്രദ്ധിച്ചോളാം മമ്മീ.അതൊന്നുമോർത്ത് പേടിക്കണ്ട. ഇവിടെ ആശുപത്രിയിൽ നല്ല ശ്രദ്ധയാ. സബീനയ്ക്കും കുഞ്ഞിനും വിശേഷമൊന്നുമില്ല. ഞാനിത്തിരി തിരക്കിലാണേ മമ്മീ. ഫോൺ വച്ചോട്ടെ. പിന്നെ വിളിക്കാം.”

“ഓ.കെ മോനേ.” മേരി ഫോൺ വച്ചു. കുഞ്ഞുണ്ടായതറിഞ്ഞപ്പോൾ സെബാസ്ത്യനും അന്നമ്മയും സന്തോഷം മറച്ചുവച്ചില്ല. എന്നാൽ മാത്തച്ചൻ മാത്രം പരിഭവത്തിലായിരുന്നു. സന്തോഷത്തിന്റേതായ ഒരു വാക്കുപോലുമുണ്ടായില്ല മാത്തച്ചനിൽ നിന്ന്.കുഞ്ഞിനെക്കുറിച്ചോ ബിനുവിനെകുറിച്ചോ കൂടുതലൊന്നും തിരക്കാനും മാത്തച്ചൻ നിന്നില്ല.

“അവരിനി നാട്ടിലേക്ക് വരും മുമ്പ് സബീനയെയും കുഞ്ഞിനെയും മാമോദീസ മുക്കാൻ പറയണം.” എങ്ങനെയും സബീനയെ ക്രിസ്ത്യാനിയാക്കാനുള്ള തിടുക്കത്തിലായിരുന്നു മേരി..

“അമേരിക്കയിലായിരുന്നപ്പോ ഞാനും സബീനയും കൂടി അവിടെ പള്ളിയിൽ പലവട്ടം പോയിരുന്നു. ഇങ്ങോട്ടു ചേരുന്നതിൽ സബീനയ്ക്ക് എതിർപ്പൊന്നുമുണ്ടാകില്ലെന്നാ എനിക്ക് തോന്നുന്നത്.”

“ശരിയാ. സബീനയ്ക്കൊരുപക്ഷേ എതിർപ്പില്ലായിരിക്കാം. പക്ഷേ ഇതിലൊന്നും കാര്യമില്ലന്ന് പറഞ്ഞല്ലേ ബിനുവിന്റെ നടപ്പ്.?”

‘’അക്കാര്യം എനിക്ക് വിട്ടേക്ക്. അവനോട് ഞാൻ പറഞ്ഞ് ശരിയാക്കിക്കോളാം. അമേരിക്കയിൽ വച്ച് കാഞ്ഞിരപ്പള്ളിക്കാരനൊരച്ചനെ കണ്ട കാര്യം ഞാൻ പറഞ്ഞില്ലേ. അച്ചന് കാഞ്ഞിരപ്പള്ളിയിലെ വീടൊക്കെ ശരിക്കറിയുന്നതാ. ഞാൻ അദ്ദേഹത്തെ വിളിച്ചു വിവരങ്ങൾ പറയാം. അച്ചൻ സബീനയെ എനിക്കൊപ്പം കണ്ടിരുന്നു. അവൾ മുസ്ലീമാണെന്ന് അച്ചനോട് ഞാൻ പറഞ്ഞിട്ടുണ്ട്.”

“നമുക്കേതായാലും കുറച്ചു ദിവസം കൂടി കാത്തിരിക്കാം മേരീ.”മേരിയുടെ ധൃതി കണ്ട് ജേക്കബ് പറഞ്ഞു. പക്ഷേ കാത്തിരിക്കുന്നതിൽ മേരിക്ക് താൽപര്യമില്ലായിരുന്നു. അവർ വീണ്ടും പറഞ്ഞു.

“അടുത്ത ദിവസം എനിക്ക് സബീനയെ വിളിച്ചൊന്നു സംസാരിക്കണം. പറ്റിയെങ്കിൽ കുഞ്ഞ് കരയുന്നതൊന്നു കേൾക്കുകയുമാവാമല്ലോ?”

“ഓ അതായിപ്പോ കാര്യം. സബീനയെക്കുറിച്ചും കുഞ്ഞിനെക്കുറിച്ചും പറയാനേ നിനക്കിപ്പോ നേരമുള്ളല്ലോ മേരീ.”

“അവളത്ര നല്ല പെൺകുട്ടിയാ അച്ചായാ, പിന്നെങ്ങനെ പറയാതിരിക്കും.” മരുമകളെ പ്രശംസകളാൽ

മൂടുകയാണ് മേരി.ചിലപ്പോൾ പൂവ് പോലെ മൃദുലം. മറ്റു ചിലപ്പോൾ കാരിരുമ്പിന്റെ കാഠിന്യം. മേരിയുടെ സ്വഭാവത്തെ തനിക്കു പോലും മനസിലാക്കാനാവുന്നില്ലല്ലോ. മനസിലിങ്ങനെ ചിന്തിച്ച് ജേക്കബ് പുറത്തേക്ക് നടന്നു.

വല്യപ്പച്ചനിൽ തുടങ്ങി തന്നിലൂടെ കടന്ന് ബിനുവിന്റെ കുഞ്ഞിലെത്തി നിൽക്കുന്ന അഞ്ചു തലമുറകൾ. തങ്ങൾക്കിടയിൽ ജീവിതരീതിയിലും സൗകര്യങ്ങളിലും പാരമ്പര്യത്തിലും എന്തെല്ലാം വ്യത്യാസങ്ങൾ കടന്നു വന്നിരിക്കുന്നു.. തന്റെ കൊച്ചുമോൻ വളർന്നുവരുമ്പോൾ ഒരിക്കലും തന്നെപ്പോലെയോ ബിനുവിനെപ്പോലെയോ ആകില്ല. വ്യത്യസ്തതകളുടെ വേറിട്ട ലോകമാകും അവനെ കാത്തിരിക്കുക.. ഓരോ നിമിഷവും ലോകം മാറുകയാണ്. ആഗോളതലത്തിൽ മാന്ദ്യം ലോകസാമ്പത്തിക വ്യവസ്ഥയെ തകിടം മറിച്ചു. അമേരിക്കയിൽ ഇതാദ്യമായി ഡമോക്രാറ്റിക് പാർട്ടി നോമിനേറ്റ് ചെയ്ത പ്രസിഡന്റ് സ്ഥാനാർഥി, കറുത്ത വർഗക്കാരനായ ബാറക് ഒബാമ റിപ്പബ്ലിക്കൻ പാർട്ടിയുടെ സ്ഥാനാർഥി ജോൺ മക്കെയിനെ തോൽപിച്ച് പ്രസിഡന്റ് പദമേറ്റത് അമേരിക്കയെയും ലോകത്തെയും സംബന്ധിച്ച് ചരിത്ര നിമിഷമായി.ചിന്തകളുടെ ലോകത്തായാൽ പിന്നെ എല്ലാം മറന്നങ്ങ് നിൽക്കും.സമയം പോകുന്നതറിയില്ല.ജേക്കബ് ചിന്തകൾക്ക് കടിഞ്ഞാണിട്ട് തിടുക്കത്തിൽ തയാറായി ഓഫീസിലേക്കു പോയി.

അമേരിക്കയിൽ നിന്നുള്ള വിവരങ്ങളെല്ലാം ഫോണിലൂടെയും ഇമെയിലിലൂടെയും ബിനു അറിയിച്ചു കൊണ്ടിരുന്നു.ബീനയും ആഴ്ചയിൽ രണ്ടു തവണയെങ്കിലും വിളിച്ച് വിവരങ്ങൾ ചോദിച്ചറിയും.മാസങ്ങൾക്കുള്ളിൽ ബീന എം.എസ് പ്രോഗ്രാം പൂർത്തിയാക്കി. അവളുടെ ഗ്രാജുവേഷന് ജേക്കബ് മേരിക്കൊപ്പം ചെന്നൈയ്ക്ക് പോയി, സഹോദരന്റെ വീട്ടിൽ തങ്ങി. ഗ്രാജുവേഷൻ കഴിഞ്ഞ് ബീന തന്റെ സുഹൃത്ത് പ്രകാശിനെ ഡാഡിക്കും മമ്മിക്കും പരിചയപ്പെടുത്തി. ബീന ഒരു ഹിന്ദുപ്പയ്യനെ ഇഷ്ടപ്പെടുന്ന വിവരം ജേക്കബിനും മേരിക്കും അറിയാമായിരുന്നു.അതേക്കുറിച്ച് ജേക്കബും മേരിയും നേരത്തേ തന്നെ അവളോട് സംസാരിച്ച് വിലക്കിയിരുന്നതുമാണ്. ബീന പക്ഷേ പ്രകാശിനെ ഉപേക്ഷിക്കാൻ തയാറായില്ല.തങ്ങൾ രണ്ടു പേരും തിരുവനന്തപുരത്തിന് വരുന്നുവെന്നും അവിടെ പ്രാക്ടീസ് തുടങ്ങാൻ ആഗ്രഹിക്കുന്നുവെന്നും ബീന ജേക്കബിനോടും മേരിയോടും രഹസ്യമായി പറഞ്ഞു.

"നീ തിരുവനന്തപുരത്ത് വരുന്നത് ഓ.കെ. പക്ഷേ പ്രകാശിനെ തിരുവനന്തപുരത്തേക്ക് കൊണ്ടുവരുന്നതെന്തിന്? അവനും നീയുമായിട്ടെന്താ ബന്ധം?അങ്ങോട്ടു വന്നാ നിനക്ക് ജോലി കിട്ടുമെന്നുറപ്പാ. പക്ഷേ കുറച്ച് എക്സ്പീരിയൻസായിട്ടുമതിയല്ലോ പ്രൈവറ്റ് പ്രാക്ടീസ്? ഉള്ളിലെ ഇഷ്ടക്കേട് പുറത്തുകാട്ടാതെ ജേക്കബും മേരിയും ചോദിച്ചു.

"പ്രകാശിനൊപ്പം ജീവിക്കാമെന്ന് ഞാൻ വാക്കു കൊടുത്തുപോയി. അതിനി മാറ്റാൻ പറ്റില്ല.... പറഞ്ഞിട്ട് മമ്മിക്കും ഡാഡിക്കും മുന്നിൽ ബീനയൊന്നു പരുങ്ങി. പിന്നെ ധൈര്യം സംഭരിച്ച് ശബ്ദം താഴ്ത്തി ഇങ്ങനെ തുടർന്നു.

"തിരുവനന്തപുരത്ത് ജോലി സംഘടിപ്പിച്ചിട്ട് പ്രൈവറ്റ് ക്ലിനിക് തുടങ്ങാനാ ഞങ്ങളുദ്ദേശിക്കുന്നേ. ക്ലിനിക് തുടങ്ങാൻ പ്രകാശിന്റെ അച്ഛൻ പണം തരാമെന്ന് പറഞ്ഞിട്ടുണ്ട്." ആളുകൾ ശ്രദ്ധിക്കുന്നുവെന്ന് മനസിലായതോടെ വിഷയം മാറ്റാനായി ജേക്കബ് പറഞ്ഞു.

"തിരുവനന്തപുരത്ത് വരുമ്പോൾ നമുക്ക് കാര്യങ്ങൾ ചർച്ച ചെയ്യാം. നീ ഞങ്ങളുടെ കൂടെ വരുന്നുണ്ടോ. അതോ ഇവിടെ നിന്നിട്ട് കാര്യം വല്ലതുമുണ്ടോ?

"ഞാൻ അടുത്തയാഴ്ചവന്നോളാം ഡാഡീ. കൂട്ടുകാരോടെല്ലാം യാത്ര പറയണം."

ബീന ഒഴിഞ്ഞു മാറി. .

ജേക്കബും മേരിയും വൈകുന്നേരത്തെ ഫ്ളൈറ്റിന് തിരുവനന്തപുരത്തിന് മടങ്ങി. യാത്രയ്ക്കിടെ സംസാരം ബീനയെക്കുറിച്ചായി.

"ബീനയൊരു നായരു പയ്യനെ കെട്ടുന്നുവെന്ന്കൂടി അറിഞ്ഞാ അപ്പനിനിയെന്നെ ബാക്കി വച്ചേക്കില്ല." മേരി പറഞ്ഞു.

"നിനക്ക് നിന്റപ്പനെ കുറിച്ച് മാത്രേ ചിന്തയുള്ളൂ. നമ്മളിതെങ്ങനെ കൈകാര്യം ചെയ്യുമെന്ന ചിന്തയേയില്ല. ബിനുവിന്റെ മുസ്ലീം പെണ്ണിനെ നമ്മൾ സ്വീകരിച്ചില്ലേ? . ബീന ചെന്നൈയിൽ ചെന്നപ്പോ മുതലുള്ള കൂട്ടുകെട്ടായിരിക്കും ഈ പ്രകാശെന്നു പറയുന്നവൻ. അവളെ അതിൽ നിന്ന് പിന്തിരിപ്പിക്കുക വലിയ ബുദ്ധിമുട്ടാകും. ബീനയാണെങ്കിൽ നിന്റെ മോളല്ലേ. വാശിക്കാര്യത്തിൽ തീരെ പിന്നിലാകില്ലല്ലോ അവളും."

"ഇതിപ്പോ ഞാനെന്തു ചെയ്തൂന്നാ. മക്കളിങ്ങനെയൊക്കെയായിപ്പോയാൽ എനിക്കെന്തു ചെയ്യാൻ പറ്റും."

ജേക്കബിന്റെ വാക്കുകൾ മേരിക്ക് തീരെ പിടിച്ചില്ല.

"ഇന്നത്തെ തലമുറയ്ക്കിടയിൽ പ്രേമവിവാഹങ്ങളും ഇന്റർകാസ്റ്റ് മാര്യേജും സാധാരണയാ."` മേരിയെ സമാധാനിപ്പിക്കാനായി ജേക്കബ് പറഞ്ഞു.

"പ്രകാശിനെ കല്യാണം കഴിക്കാനാണെങ്കി അവളവിടെ ചെന്നൈയിൽ തന്നെ നിൽക്കട്ടെ. ഇങ്ങോട്ടു

വരുന്നതെന്തിനാ?”

“ഇതൊക്കെയാണ് മേരീ ജീവിതം.ഇത്തരം യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാൻ പഠിച്ചേ പറ്റൂ. ഇത് പുതിയ തലമുറയുടെ ലോകമാണ്. ബീനയ്ക്കും പ്രകാശിനും പരസ്പരം ഇഷ്ടമാണെങ്കി അവർക്ക് കുടുംബത്തെകുറിച്ചോ, ബന്ധങ്ങളെകുറിച്ചോ ഒന്നും ചിന്ത കാണില്ല. അവരുടെ സ്നേഹം മാത്രമാകും അവരെ നയിക്കുന്നത്. പ്രേമിക്കുമ്പോൾ കണ്ണ് കാണില്ലാന്നല്ലേ ചൊല്ല്.”

“തത്വജ്ഞാനം പറഞ്ഞിട്ടൊന്നും കാര്യമില്ല. ഞാനാകെ അപ്സെറ്റാ.” മേരി പറഞ്ഞു.

“നിന്നെപോലെ തന്നെ എനിക്കുമുണ്ട്, വിഷമം മേരീ. പക്ഷേ നമുക്കെന്തു ചെയ്യാൻ പറ്റും. നമ്മൾ സമ്മതിക്കാഞ്ഞാൽ അവളും ബിനുവിനെ പോലെ രജിസ്റ്റർ വിവാഹം ചെയ്യും.” മേരിയുടെ തോളിൽ തട്ടി ജേക്കബ് പറഞ്ഞു.

“ഹിന്ദു രീതിയിലോ ക്രിസ്ത്യൻ രീതിയിലോ എങ്ങനെ കല്യാണം നടത്താനാ പ്ലാനെന്നറിയില്ലല്ലോ.”

“അതൊന്നും ഇപ്പോ ചിന്തിക്കണ്ട. അവളിങ്ങ് വരട്ടെ. നമ്മുടെ അതൃപ്തി നമുക്കവളെ അറിയിക്കാം.”

വീട്ടിലെത്തിയിട്ട് ജേക്കബ് കുമരകത്തിനും കാഞ്ഞിരപ്പള്ളിക്കും വിളിച്ചു. ബീന തിരുവനന്തപുരത്ത് ജോലിക്ക് വരുന്ന വിവരം പറഞ്ഞു.

“ബീനയിപ്പോഴും ആ നായര്പയ്യനോട് അടുപ്പമുണ്ടോ? .” മാത്തച്ചൻ ചോദിച്ചു.

“ഞാനയാളെ ചെന്നൈയിലെ ഫംക്ഷന് കണ്ടിരുന്നച്ചായാ. അവനും എം.ഡി പൂർത്തിയാക്കിയിട്ടുണ്ട്. ബീനയ്ക്കൊപ്പം അയാളും കൂടി തിരുവനന്തപുരത്തിന് വരുന്നെന്നാ കേട്ടത്.”

“തിരുവനന്തപുരത്തിനോ? എന്തിന്? അതും ബീനയ്ക്കൊപ്പം? എന്നിട്ട് നീ ഓ.കെ പറഞ്ഞോ?”

“അത് ഞാനങ്ങനെ പറയുമോ അച്ചായാ. അവന്റെ അപ്പനാ തിരുവനന്തപുരത്ത് ക്ലിനിക് തുടങ്ങാൻ പണം നൽകുന്നത്. പിന്നെന്തു ചെയ്യാനാ?അവരുടെ വീട്ടിലും ഇവളെ താൽപര്യമാണെന്നു കൂട്ടിക്കോ”

“അതിനർഥം നിങ്ങൾ അവരുടെ വിവാഹത്തിന് അനുവാദം നൽകുന്നുവെന്നാണോ?”

“ഞങ്ങൾ സമ്മതിച്ചിട്ടൊന്നുമില്ല, പക്ഷേ കാര്യങ്ങൾ അങ്ങനെ തന്നെ നീങ്ങുന്നുവെന്ന് തോന്നുന്നച്ചായാ.”

“എന്റെ കർത്താവേ എല്ലാം നശിപ്പിച്ചോ.? ” ഭ്രാന്തെടുത്തപോലെ അലറുകയായിരുന്നു മാത്തച്ചൻ. ഫോണാ മേരീടെ കൈയിലോട്ടൊന്നു കൊടുത്തേ. എനിക്കവളോടാ സംസാരിക്കേണ്ടത്.” ജേക്കബ് ഫോൺ മേരിക്ക് കൈമാറി.

“നിങ്ങള് രണ്ടും കൂടെ ഇതെന്തൊക്കെയാ ചെയ്യുന്നേ? ഒരു മോളുള്ളതിനെ പഠിപ്പിച്ച് ഈ നിലയിലെത്തിച്ചിട്ട് ഹിന്ദുപ്പയ്യന് പിടിച്ചു കൊടുക്കാൻ പോകുന്നോ? മോനുള്ളത് നേരത്തേ തന്നെ അവന്റെ തോന്ന്യാസത്തിന് പോയി. ഇവിടെയെന്താ ചോദിക്കാനും പറയാനും ആരുമില്ലേ? ഞാൻ ഈ കല്യാണം നടത്തില്ല. അവളോട് പറഞ്ഞേക്ക്, ഇങ്ങനൊരു കാര്യത്തെകുറിച്ച് ആലോചിക്കുകപോലും വേണ്ടാന്ന്.”

“അച്ചായാ അതിപ്പോളവളോടെങ്ങനെ പറയുമെന്നാ?. ഇപ്പോഴത്തെ കാലത്ത് പിള്ളാരോടങ്ങനെ പറഞ്ഞു ജയിക്കാനൊന്നും പറ്റില്ല. ഇക്കാര്യം അവളേതാണ്ട് ഉറപ്പിച്ച പോലാ സംസാരം. അവളുടെ മനസ് മാറ്റാമെന്ന് ഞങ്ങക്ക് തോന്നുന്നില്ല..”

“നിങ്ങൾക്ക് സംസാരിക്കാൻ മേലെങ്കി ഞാൻ സംസാരിക്കാം. അവളെന്നാ തിരുവനന്തപുരത്തിന് വരുന്നതെന്ന് പറഞ്ഞാ മതി. ഞാനവിടെ വന്നോളാം. അടുത്ത ദിവസം ഞാനവിടെ പാർട്ടി മീറ്റിംഗിനു വരുന്നുണ്ട്.” മാത്തച്ചൻ ഫോൺ വച്ചു.

അപ്പനെയൊന്ന് പോയി കണ്ടിരുന്നെങ്കിലെന്ന് മേരിക്കു തോന്നി..

“ഞാൻ കാഞ്ഞിരപ്പള്ളിവരെയൊന്നു പോയി വന്നാലോ അച്ചായാ. അപ്പന്റടുത്ത് രണ്ട്ദിവസം നിന്നാൽ കാര്യങ്ങളൊക്കെ ഒരുവിധമൊന്നു പറഞ്ഞ് ശരിയാക്കാം. അപ്പൻ വല്ലാത്ത ടെൻഷനിലാന്ന് തോന്നുന്നു.”

“അത് ശരിയാ. ഞാനും അവിടെ വരെ വരാം. എനിക്കു കുമരകത്തൊന്നു കയറണം. അവിടെ നിന്ന് കാഞ്ഞിരപ്പള്ളിക്ക് പോകാം.”

ശനിയാഴ്ച വൈകുന്നേരത്തോടെ ജേക്കബും മേരിയും കുമരകത്ത് ചെന്നു. അവരെ കണ്ടതേ അമ്മച്ചിക്കു സന്തോഷമായി. പെട്ടെന്നുതന്നെ രാവിലെ ഉണ്ടാക്കിയ ചപ്പാത്തിയും കോഴിക്കറിയും അമ്മച്ചി പ്ലേറ്റുകളിൽ വിളമ്പി. ഭക്ഷണത്തിനിടെ അമ്മച്ചിയുടെ ചോദ്യമെത്തി.

“സബീനയുടെയും കുഞ്ഞിന്റെയും മാമോദീസാക്കാര്യം എന്തു തീരുമാനിച്ചു.?”

“അതമ്മച്ചീ, ഞാനെന്തു പറയാനാ. അവരല്ലേ അക്കാര്യം തീരുമാനിക്കേണ്ടത്. ഞാനിപ്പോ അവരെ വിളിച്ചു തരാം. അമ്മച്ചിയൊന്ന് കാര്യങ്ങൾ സംസാരിച്ചു നോക്ക്.” ഇത്രയും പറഞ്ഞ് ജേക്കബ് അമേരിക്കയിലേക്ക് ഫോൺ ഡയൽ ചെയ്തു.

സബീനയാണ് ഫോണെടുത്തത്.

“ഹെലോ സബീനാ, ഇത് ഡാഡിയാ. നിങ്ങൾ രണ്ടുപേർക്കും സുഖം തന്നെയല്ലേ? ബിനു എവിടെ?”

“ഇവിടെ സുഖം തന്നെ ഡാഡീ. ബിനു ഇവിടുണ്ട്. ഞാൻ കൊടുക്കാം.”

“ഹലോ ഡാഡീ.. തിരക്കു കാരണം എനിക്ക് വിളിക്കാൻ പറ്റിയില്ല. ബീനയുടെ ഗ്രാജുവേഷൻ എങ്ങനുണ്ടാരുന്നു?”

“ഗ്രാജുവേഷന് ഞങ്ങൾ പോയിരുന്നു. പക്ഷേ ബീനയ്ക്കൊപ്പം ആ നായരു ചെക്കനുണ്ടായിരുന്നു. പ്രകാശ്. ഒരു പ്രശ്നമുണ്ടാക്കണ്ടല്ലോന്നു കരുതി മിണ്ടാതെ പോന്നെന്നേയുള്ളൂ. ഞങ്ങളിവിടെ കുമരകത്താ. നാളെ ഇവിടുന്ന് കാഞ്ഞിരപ്പള്ളിക്ക് പോകുന്നുണ്ട്.”

“അപ്പച്ചനും അമ്മച്ചിയും എന്തു പറയുന്നു ഡാഡീ?”

“അപ്പച്ചനിവിടുണ്ട് ഞാൻ കൊടുക്കാം.”

“ഹലോ മോനെ. നീ ഒരഛനായെന്നറിഞ്ഞതിൽ അഭിനന്ദനങ്ങൾ.”

“താങ്ക് യൂ അപ്പച്ചാ? എങ്ങനെയുണ്ട് അപ്പച്ചന്റെ ആരോഗ്യമൊക്കെ. അമ്മച്ചി എന്തു പറയുന്നു.”

“ഞങ്ങൾ രണ്ടുപേരും സുഖമായിരിക്കുന്നു മോനേ. പ്രായമേറി വരുന്നു എന്നതൊഴിച്ചാൽ വലിയ കുഴപ്പമൊന്നുമില്ല. അതിരിക്കട്ടെ, നീ ഞങ്ങളോട് പറയാതെ കല്യാണം കഴിച്ചെന്നൊക്കെ കേട്ടു. അതെനിക്ക് ക്ഷമിക്കാൻ പറ്റില്ല കേട്ടോ?”

“ക്ഷമിക്കണമപ്പച്ചാ. അപ്പോഴത്തെ സാഹചര്യത്തിൽ അങ്ങനെയൊക്കെ ചെയ്തുപോയി. സബീനയ്ക്കും എനിക്കും ഒരു സമയത്ത് തന്നെ ഇവിടേക്ക് വിസ കിട്ടി. ഞങ്ങൾക്കുടനെ പോരേണ്ടിയും വന്നു. ഞങ്ങൾ എല്ലാരോടും വിശദീകരിക്കാൻ നിന്നിരുന്നെങ്കിൽ ആരും കല്യാണത്തിന് സമ്മതിക്കില്ലെന്നുറപ്പായിരുന്നു. അതുകൊണ്ടാ ഞങ്ങളിങ്ങ് പോന്നത്. എന്തായാലും അപകടം സംഭവിച്ചതോടെ കാര്യങ്ങളെല്ലാം ശരിയായ വഴിക്കായി. ഡാഡിക്കും മമ്മിക്കും സബീനയെ കാണാൻ പറ്റി.”

“ഡാഡിയും മമ്മിയും ഞങ്ങളോടെല്ലാം പറഞ്ഞു. പക്ഷേ മോനെ ഒരുകാര്യം നീ മറക്കാതെ ചെയ്യണം. നാട്ടിലോട്ട് വരുംമുമ്പ് സബീനയെയും കുഞ്ഞിനെയും മാമോദീസ മുക്കണം. ഞാൻ മനസിലാക്കിയിടത്തോളം സബീനയ്ക്ക് എതിർപ്പൊന്നുമില്ലെന്നാ അറിയുന്നത്.”

“അതെനിക്കറിയാം. അവളിവിടെ പള്ളിയിൽ പോകാറുമുണ്ട്. പക്ഷേ അവളെ ക്രിസ്ത്യാനിയാക്കുന്നതിനെക്കുറിച്ചൊന്നും ഞാനാലോചിച്ചിട്ടേയില്ല.”

“കാര്യങ്ങൾ അങ്ങനെ നടന്നിരുന്നെങ്കിൽ സന്തോഷമായേനെ മോനേ. നിന്റമ്മയോട് സംസാരിക്ക്. അവളെന്തൊക്കെയോ പ്ലാൻ ചെയ്തിട്ടുണ്ട്. പറഞ്ഞുകൊണ്ട് സെബാസ്റ്റ്യൻ ഫോൺ മേരിക്ക് കൈമാറി.

“ഹലോ ബിനൂ, സബീനയും മോനും സുഖമായിരിക്കുന്നുവല്ലോ? ഞാനാ കാഞ്ഞിരപ്പള്ളിയിൽ നിന്നുള്ള അച്ചനോട് സംസാരിച്ചിട്ട് സബീനയുടെയും സെബിന്റെയും മാമോദീസക്കാര്യം അറേഞ്ച് ചെയ്യാം.”

“മമ്മി സബീനയോടൊന്നുനേരിട്ട് സംസാരിക്ക്. അവളാണ് തീരുമാനമെടുക്കേണ്ടത്. എനിക്ക് നിർബന്ധിക്കാൻ പറ്റില്ല.”

ബിനു ഫോൺ സബീനയുടെ കൈയിൽ കൊടുത്തു.

“മമ്മി പറഞ്ഞതൊക്കെ ഞാൻ കേട്ടു. എനിക്ക് ഇക്കാര്യത്തിൽ എതിർപ്പൊന്നുമില്ല മമ്മീ.”

“അങ്ങനെയെങ്കിൽ ഞാൻ കാഞ്ഞിരപ്പള്ളിയിൽ നിന്നുള്ള ആ മലയാളി അച്ചനോട് സംസാരിച്ച് കാര്യങ്ങൾ ഏർപ്പാടാക്കാം.”

“ശരി മമ്മീ, അച്ചനോട് സംസാരിച്ചിട്ട് പറഞ്ഞാ മതി. വല്യപ്പച്ചനും അമ്മച്ചിക്കും എന്നോടു ദേഷ്യമായിക്കാണുമല്ലേ?.”

“അങ്ങനെയൊന്നുമില്ല സബീനാ. ഞങ്ങൾ നാളെ ഇവിടുന്ന് പോകും. ബീന വരുന്നതു വരെ കുറച്ചു ദിവസം ഞാനും അപ്പന്റെ കൂടെ നിൽക്കാമെന്ന് കരുതി.”

“ബീന ട്രിവാൻഡ്രത്തിന് പോരുകയാണോ?”

“അതെയതെ. ഗ്രാജുവേഷൻ കഴിഞ്ഞല്ലോ. ഇനി അവിടെ നിൽക്കേണ്ട കാര്യമില്ലല്ലോ. പക്ഷേ ബീനയുടെ കാര്യത്തിലാ ഇപ്പോ ഏറ്റവും പ്രശ്നം. എങ്ങനെ കാര്യങ്ങൾ നേരിടുമെന്നറിയാതെ വിഷമിക്കുകയാ ഞങ്ങൾ.”

“എല്ലാം ശരിയാകും മമ്മീ.” സബീന പറഞ്ഞു.

“എന്നാ ശരി സബീനാ. അച്ചനോട് സംസാരിച്ചിട്ട് ഞാൻ വിളിക്കാം.”

“ഓ.കെ മമ്മീ.”

മേരി ഫോൺ വച്ചു.

മാമോദീസക്കാര്യം സബീന സമ്മതിച്ചതിൽ എല്ലാർക്കും സന്തോഷമായി. പിറ്റേന്ന് ജേക്കബും മേരിയും കാഞ്ഞിരപ്പള്ളിക്ക് പോയി. അപ്പന്റെയടുത്തേക്ക് മടിച്ചു മടിച്ചാണ് മേരി ചെന്നത്. കുറ്റപ്പെടുത്തുമെന്ന് അവർക്കറിയാമായിരുന്നു പ്രതീക്ഷയ്ക്ക് വിപരീതമായി മാത്തച്ചൻ വളരെ സന്തോഷത്തോടെ രണ്ടുപേരെയും സ്വീകരിച്ചു.കുശലാന്വേഷണങ്ങളും ഭക്ഷണവുമൊക്കെ കഴിഞ്ഞ് ജേക്കബും മേരിയും മാത്തച്ചന്റെ മുറിയിലേക്ക് ചെന്നു.എങ്ങനെ തുടങ്ങണമെന്നറിയാതെ രണ്ടുപേരും ഒന്നു മടിച്ചു.

“മേരി രണ്ടു ദിവസം ഇവിടെ നിൽക്കുന്നുവെന്ന് പറഞ്ഞാ വന്നിരിക്കുന്നത്. ഞാൻ വൈകിട്ട് തന്നെ

തിരിച്ചു പോകും. നാളെ കുറച്ച് മീറ്റിംഗുകളുണ്ട്."ഒരു പതറിച്ചയോടെ ജേക്കബ് പറഞ്ഞു.

"ഇന്ന് രാത്രി ഇവിടെതങ്ങിയിട്ട് നാളെ രാവിലെ നേരത്തേയങ്ങ് പോയാപ്പോരേ. എനിക്ക് നിങ്ങളോടൊന്ന് സംസാരിക്കാനുണ്ട്."

"എനിക്കറിയാം അച്ചായൻ ദേഷ്യപ്പെട്ടിരിക്കുവാണെന്ന്. ഞങ്ങൾ ബിനുവിനോട് കാര്യങ്ങൾ സംസാരിച്ചിട്ടുണ്ട്. അവന്റെ ഭാര്യ മാമോദീസാ മുങ്ങാമെന്ന് സമ്മതിച്ചിട്ടുണ്ട്. കുഞ്ഞിനെയും അക്കൂടെ ഇങ്ങോട്ടു ചേർക്കാമല്ലോ."

"ഓ വിശദീകരിച്ചതു മതി. ബിനു അമേരിക്കയ്ക്ക് പോകുംമുമ്പു തന്നെ വിവാഹം നടത്തിയിട്ട് വിടാൻ ഞാൻ പറഞ്ഞതാ. അന്ന് നിങ്ങളത് ശ്രദ്ധിച്ചില്ല. ഇനി ബീനയും ആ നായർ ചെറുക്കനൊപ്പം പോകുംമുമ്പ് അവളുടെ കല്യാണം നമ്മുടെ കൂട്ടത്തിൽ നിന്ന് നടത്തിക്കൊടുക്ക്. അതോ ഇനി ആ പയ്യനെയും ക്രിസ്ത്യാനിയാക്കാനാണോ നിങ്ങളുടെ പ്ലാൻ."

"ഇപ്പോഴത്തെ കാലത്തെ പിള്ളാരോട് പറഞ്ഞ് ജയിക്കാൻ ബുദ്ധിമുട്ടാ അച്ചായാ. ബിനൂന്റെ ഭാര്യയൊരു നല്ല പെൺകുട്ടിയാ." ജേക്കബ് അമ്മായിയച്ചനു മുന്നിൽ പിടിച്ചു നിൽക്കാനുള്ള ശ്രമത്തിലാണ്.

"മക്കളെ ചെറുപ്പം തൊട്ട് നന്നായിട്ട് വളർത്തണമായിരുന്നു. അല്ലാത്തതിന്റെ ഗുണമാ ഇതൊക്കെ. നിങ്ങളവർക്ക് കൂടുതൽ സ്വാതന്ത്ര്യം കൊടുത്തു. അവര് നമ്മുടെ കുടുംബത്തിന് നാണക്കേടുണ്ടാക്കി."

ജേക്കബും മേരിയും ഒന്നും മിണ്ടാനാകാതെ ഒരു നിമിഷം നിന്നു. മാത്തച്ചന്റെ കഷണ്ടിത്തലയിലും നരച്ച മീശയിലുംപുറത്തുനിന്നും പ്രകാശം പരന്നുവീണുകൊണ്ടിരുന്നു. നിരാശയും വിഷമവും ആ മുഖത്ത് നിറഞ്ഞുനിൽക്കുന്നതായി ജേക്കബിനു തോന്നി.രംഗത്തിന് അയവുവരുത്താനായി ജേക്കബ് ചോദിച്ചു.

"എപ്പോഴാ് അച്ചായന്റെ പാർട്ടി മീറ്റിംഗ്? പാർലമെന്റ് ഇലക്ഷന് പാർട്ടിയുടെ പ്ലാനെന്തൊക്കെയാ?"

"മീറ്റിംഗ് ഉടനെ തന്നെയുണ്ടാകും. ഞങ്ങളൊരു ചെറിയ പാർട്ടിയല്ലേ.ഞങ്ങളുടെ പതിവു സീറ്റുകൾ കിട്ടണം. അത്രേയുള്ളൂ. കൂടുതൽ ഡിമാൻഡുകളൊന്നുമില്ല."

"ഞാനുടനെ ഇറങ്ങുകയാ അച്ചായാ. നാളത്തെ മീറ്റിംഗിനായി കുറച്ചു കാര്യങ്ങൾ തയാറെടുക്കാനുണ്ട്. നീ എപ്പഴാ വരുന്നത്?" മേരിയോടായി ജേക്കബ് ചോദിച്ചു.

"ഞാൻ വെള്ളിയാഴ്ച വരാം. ശനിയാഴ്ചയല്ലേ ബീന വരുന്നത്."

ജേക്കബ് വൈകാതെ തിരുവനന്തപുരത്തിന് തിരികെ പോയി.

പിറ്റേന്ന് ഓഫിസ് വിട്ടുവന്ന് കുളിയും ഭക്ഷണവുമെല്ലാം കഴിഞ്ഞ് ടി.വി ന്യൂസിൽ ശ്രദ്ധിച്ചിരിക്കുകയാണ് ജേക്കബ്. സമയമുണ്ടെങ്കിൽ പല ചാനലുകളുടെ ന്യൂസ് കാണുന്നത് പണ്ടേയുള്ള ശീലമാണ്.

ഇലക്ഷന് മുന്നോടിയായി മൂന്നാം മുന്നണി രൂപീകരിക്കാനാണ് ഇടതു പാർട്ടികളുടെ തീരുമാനം. മായാവതിയുടെ ബി.എസ്.പി സഖ്യത്തിലൊന്നും ചേരേണ്ടെന്ന് തീരുമാനിച്ചു. ഓരോ സംസ്ഥാനത്തും അവിടുത്തെ സാഹചര്യങ്ങൾക്കനുസരിച്ച് മറ്റ് പാർട്ടികളുമായി സഖ്യമുണ്ടാക്കാനാണ് കേന്ദ്രം ഭരിക്കുന്ന കോൺഗ്രസ് നേതൃത്വത്തിലുള്ള യു.പി.എ തീരുമാനിച്ചിരിക്കുന്നത്. കേരളത്തിൽ എൽ.ഡി.എഫും യു.ഡി.എഫും പോർമുഖങ്ങളിൽ യുദ്ധസജ്ജരായിക്കഴിഞ്ഞു. എൻ.സി.പി ഒരു മുന്നണിയിലും ചേർന്നിട്ടില്ല.

പെട്ടെന്ന് ജേക്കബിന്റെ മൊബൈൽ ചിലച്ചു.

അങ്ങേത്തലയ്ക്കൽ കരഞ്ഞു കൊണ്ട് മേരിയുടെ സ്വരം.

ജേക്കബിന് എന്തോ അപകടം മണത്തു.

"അപ്പൻ ........" ഇത്രയും പറഞ്ഞിട്ട്മേരി വീണ്ടും കരച്ചിലായി.

"നീ കരയാതെ എന്താന്നു തെളിച്ചുപറ മേരീ."

"അപ്പൻ നമ്മളെ വിട്ടുപോയച്ചായാ. ഹാർട്ടറ്റാക്കാരുന്നു. ആശുപത്രിയിൽ കൊണ്ടുപോകുമ്പോഴേക്കും മരിച്ചു.ദേ അഞ്ചു മിനിറ്റ് പോലുമായിട്ടില്ല" മേരി കരഞ്ഞുകൊണ്ടിരുന്നു.ജേക്കബ് എന്തുചെയ്യണമെന്നറിയാതെ ഒരു നിമിഷം പകച്ചു. പിന്നെ സമനില വീണ്ടെടുത്ത് പറഞ്ഞു.

"ഞാനുടനെ പുറപ്പെടാം മേരീ, നീ വിഷമിക്കാതിരിക്ക്. എനിക്ക് നാളെ സി.എമ്മിന്റെയൊരർജന്റ് പ്രോഗ്രാമുണ്ടായിരുന്നു.വരാൻ പറ്റില്ലാന്ന് ഞാനിപ്പോൾ തന്നെ ഇൻഫോം ചെയ്യാം. പിള്ളാരോടും കുമരകത്തിനും ഇപ്പോതന്നെ വിളിച്ച് പറയാം."

"അച്ചായനിങ്ങോട്ടൊന്നു വേഗം വാ, എനിക്കറിയില്ലെന്താ ചെയ്യേണ്ടതെന്ന്?"മേരി പറഞ്ഞു.

ജേക്കബ് കുമരകത്ത് വിളിച്ച് അച്ചായനോടും അമ്മച്ചിയോടും ടാക്സി വിളിച്ച് കാഞ്ഞിരപ്പള്ളിക്ക് പോകാൻ പറഞ്ഞു. വെള്ളിയാഴ്ചത്തേക്ക് ടിക്കറ്റ് ബുക്ക് ചെയ്തത് ക്യാൻസൽ ചെയ്തിട്ട് നാളെ രാവിലെ തന്നെ എത്താമെന്ന് ബീന പറഞ്ഞു. "കൊണ്ടുപോരാനുള്ള മറ്റ് സാധനങ്ങളൊക്കെ പ്രകാശ് തിരുവനന്തപുരത്തിന് വരുമ്പോൾ കൊണ്ടുവരട്ടെ." ഡാഡിയെ ലൈനിൽ കിട്ടിയ സമയം നോക്കി ബീന തന്റെ കാര്യം പറഞ്ഞു.അവളുടെ സംസാരം കേട്ട് ജേക്കബിനു ദേഷ്യം വന്നു.

"പ്രകാശ് ഇങ്ങോട്ടുപോരാൻ തന്നെ തീരുമാനിച്ചല്ലേ?"അയാളുടെ ശബ്ദം ഉയർന്നിരുന്നു.

"ഉവ്വ് ഡാഡീ."ബീന ശബ്ദം താഴ്ത്തി പറഞ്ഞു.

"ങാ, എല്ലാം നിന്റിഷ്ടം പോലെതന്നെ നടക്കട്ടെ. ഡാഡി പറയുന്നത് കേൾക്കാനാരുമില്ലല്ലോ? എന്തെങ്കിലും ആവശ്യമുണ്ടെങ്കി മൊബൈലിൽ വിളിക്ക്. വന്നിട്ട് എയർപോർട്ടിൽ നിന്ന് ടാക്സിയെടുത്ത് പോര്."

“ഓകേ ഡാഡീ, ബൈ.”

പ്രകാശിനെക്കുറിച്ച് പറഞ്ഞത് ഡാഡിക്ക് ഇഷ്ടമായില്ലെന്ന് മനസിലായിട്ടും ബീന ക്ഷമാപണത്തിനൊന്നും നിന്നില്ല.

ജേക്കബ് ബിനുവിനെയും വിളിച്ച് വിവരം പറഞ്ഞു.

“എനിക്കിപ്പോൾ വരാൻ പറ്റില്ലല്ലോ ഡാഡീ. വന്നാലും അടക്ക് കൂടാൻ പറ്റില്ല. ഞങ്ങളടുത്തമാസം നാട്ടിൽ വരാൻ പ്ലാനിട്ടിട്ടുണ്ട്. എനിക്ക് ബാംഗ്ലൂർ വരെ പോകേണ്ട കാര്യമുണ്ട്.”

“സാരമില്ല മോനേ, നീയിപ്പോ തിടുക്കപ്പെട്ടോടി വരേണ്ട.”

“ഞങ്ങൾ വരുമ്പോൾ കുഞ്ഞിനെ അവിടെ നിങ്ങൾക്കൊപ്പം നിർത്തിയിട്ട് പോരാമെന്നാ കരുതുന്നേ. പിള്ളാരെ നോക്കുന്ന കാര്യം ഇവിടെ വലിയ പ്രശ്നമാ. മറ്റേണിറ്റി ലീവ് തീർന്നാലുടൻ സബീനയ്ക്ക് ജോലിക്ക് കയറണം.”

“ശരി മോനേ, നമുക്ക് പിന്നെ സംസാരിക്കാം. എനിക്കുടനെ കാഞ്ഞിരപ്പള്ളിക്ക് പോകണം.”

“ബൈ ഡാഡീ.”

ജേക്കബ് രാത്രിതന്നെ കാഞ്ഞിരപ്പള്ളിയിലെത്തി.മാത്തച്ചന്റെ ചലനമറ്റ ശരീരത്തിനു മുന്നിൽ നിൽക്കുമ്പോൾ ഒരുപിടി ഓർമകൾ അയാളിലേക്കോടിയെത്തി.രാഷ്ട്രീയം വിട്ടൊരു ജീവിതമില്ലായിരുന്ന മനുഷ്യൻ. എസ്റ്റേറ്റ് മാനേജ്ചെയ്യുന്നതിലും ബിസിനസ് കാര്യങ്ങളിലും മാത്തച്ചൻ മിടുക്കനായിരുന്നു.കുടുംബത്തിലെ കാരണവരുടെ റോളായിരുന്നു മാത്തച്ചന്.പിറ്റേന്ന് ഉച്ചതിരിഞ്ഞായിരുന്നു ശവസംസ്കാര ചടങ്ങുകൾ. ചടങ്ങുകൾക്ക് ഒരു മണിക്കൂർ മുമ്പ് ബീനയെത്തി.മുഖ്യമന്ത്രിയും മന്ത്രിമാരും രാഷ്ട്രീയ നേതാക്കളും ബിഷപ്പുമാരും വൈദികരും വൻജനക്കൂട്ടവും ചടങ്ങുകളിൽ പങ്കെടുത്തു. സെബാസ്റ്റ്യനും അന്നമ്മയും, മേരിയുടെ രണ്ട് സഹോദരൻമാരും അവരുടെ കുടുംബവും മാത്തച്ചന്റെ സഹോദരങ്ങളും അവരുടെ കുടുംബവും എല്ലാരും അടക്കിനുശേഷം വീട്ടിൽ ഒത്തുചേർന്നു.

“എനിക്ക് ഞായറാഴ്ച ഇങ്ങോട്ടുവരാൻ തോന്നിയത് നന്നായി. മരിക്കും മുമ്പ് അപ്പനൊപ്പം രണ്ടുദിവസം നിൽക്കാൻ പറ്റിയല്ലോ.” മേരി പറഞ്ഞു.

“നിനക്കുമാത്രം അതിന് ഭാഗ്യമുണ്ടായി മേരീ. ഞാനീ ദിവസങ്ങളിൽ അപ്പനെ കാണാനിങ്ങോട്ട് വരാൻ പ്ലാൻ ചെയ്തിരുന്നതാ. അപ്പനാ പറഞ്ഞത്, ഇപ്പോൾ വേണ്ട, ഇലക്ഷൻ കഴിഞ്ഞിട്ട് വന്നാ മതിയെന്ന്.” നിരാശയോടെ മേരിയുടെ മൂത്ത ആങ്ങള ജയിംസ്കുട്ടി പറഞ്ഞു.

“മാത്തച്ചൻ എല്ലാം കൊണ്ടും ഒരു നല്ല മനുഷ്യനായിരുന്നു. എന്റെ മകന് എന്നും ഒരു നല്ല അമ്മായിയച്ചനും.” സെബാസ്റ്റ്യൻ പറഞ്ഞു.

“അതെ. അച്ചായൻ എന്നെ ഒത്തിരി സഹായിച്ചു. മരിക്കുന്നതിന് ദിവസങ്ങൾ മുമ്പ് പോലും എനിക്കായി അച്ചായൻ ഏറെ കാര്യങ്ങൾ ചെയ്തുതന്നു.” പറയുമ്പോൾ ജേക്കബിന്റെ വാക്കുകൾ ഇടറിയിരുന്നു.

“നാളെ രാവിലെ കുർബാന കഴിഞ്ഞ് ഞാൻ അപ്പച്ചനെയും അമ്മച്ചിയെയും കുമരകത്തിന് കൊണ്ടുവിടാം. അവിടെ നിന്നെനിക്ക് തിരുവനന്തപുരത്തിന് പോകാമല്ലോ. മേരിയും ബീനയും കുറച്ചു ദിവസം ഇവിടെ നിൽക്കുകയല്ലേ?”

മേരിയെ നോക്കി ജേക്കബ് ചോദിച്ചു.

“അതെയതെ. ബീനയും കുറച്ചു ദിവസം ഇവിടെ നിൽക്കട്ടെ. ഒമ്പതാം ദിവസം കഴിഞ്ഞ് ഞങ്ങൾ വീട്ടിലേക്ക് വരാം.”

“ശരി എന്നാൽ ഞാൻ പോയിട്ട് അടുത്ത വ്യാഴാഴ്ച വരാം. അന്ന് നമുക്കൊരുമിച്ച് തിരുവനന്തപുരത്തിന് പോകാം.”ജേക്കബിനൊപ്പം സെബാസ്റ്റ്യനും അന്നമ്മയും കുമരകത്തിന് മടങ്ങി. ജേക്കബ് അവിടെ നിന്ന് തിരുവനന്തപുരത്തേക്കും. ബിനുവിനെ വിളിച്ച് ശവസംസ്കാര ചടങ്ങുകളെ കുറിച്ച് ജേക്കബ് വിശദമായി പറഞ്ഞു.

“41ന്റെ ചടങ്ങുകളിൽ എനിക്കും പങ്കെടുക്കണമെന്നുണ്ട് ഡാഡീ. അതനുസരിച്ച് ഞാനെന്റെ യാത്ര പ്ലാൻ ചെയ്യാം.” ബിനു പറഞ്ഞപ്പോൾ ജേക്കബിന് സന്തോഷമായി.

വ്യാഴാഴ്ച ജേക്കബ് കാഞ്ഞിരപ്പള്ളിയിലെത്തി 9-ാം ദിനത്തിൽ പങ്കുചേർന്നു.ചടങ്ങുകൾക്കു ശേഷം ജേക്കബും മേരിയും ബീനയ്ക്കൊപ്പം തിരുവനന്തപുരത്ത് തിരിച്ചെത്തി.

പറഞ്ഞിരുന്നതുപോലെ, പ്രകാശും തിരുവനന്തപുരത്തെത്തിയതായി ജേക്കബ് അറിഞ്ഞു.ക്ലിനിക് തുടങ്ങുന്ന ദിവസം രാവിലെ ബീന വീണ്ടും ഡാഡിയോടും മമ്മിയോടും കാര്യങ്ങൾ പറഞ്ഞു.അന്നേദിവസം മനസില്ലാമനസോടെ ജേക്കബും ക്ലിനിക്കിലെത്തി. നാട്ടുകാരെന്തു വിചാരിക്കുമെന്നായിരുന്നു ജേക്കബിന്റെ മനസിൽ. വൈകുന്നേരം പ്രകാശിനൊപ്പം ബീന വീട്ടിൽ വന്നു. ജേക്കബും മേരിയും ലിവിംഗ് റൂമിലുണ്ടായിരുന്നു. കുശലാന്വേഷണങ്ങൾക്കുശേഷം ബീന പറഞ്ഞു.

“മമ്മിയോടും ഡാഡിയോടും ഒരു കാര്യം ചോദിക്കാനാ ഞങ്ങൾ വന്നത്. ഞാനും പ്രകാശും വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നു. അതിന് നിങ്ങളുടെ അനുവാദം വേണം.”

ജേക്കബിന്റെ മറുപടിക്കായി മേരി കാതോർത്തു.

“ ഡാഡീടെയും മമ്മീടെയും ഇഷ്ടങ്ങൾക്ക് ഞങ്ങളുടെ രണ്ട് മക്കളും വില കൽപ്പിച്ചിട്ടില്ലെന്നു മനസി

ലായി. പിന്നെന്തു പറയാനാ. എങ്ങനെ വിവാഹം നടത്തണമെന്നാ നിങ്ങൾ ആഗ്രഹിക്കുന്നത്? ക്രിസ്ത്യൻ രീതിയിലോ, ഹിന്ദു രീതിയിലോ?" ഉള്ള് പിടയുമ്പോഴും മോളുടെ ഇഷ്ടമറിയാൻ ജേക്കബ് ചോദച്ചു.

"ഹിന്ദുരീതിയിൽ കല്യാണം നടത്താൻ പ്രത്യേക തടസങ്ങളൊന്നുമില്ല. അത് നമുക്ക് ബാംഗ്ലൂരിൽ ചെയ്യാവുന്ന കാര്യമേയുള്ളൂ. പക്ഷേ ക്രിസ്ത്യൻ രീതിയിൽ നടക്കണമെങ്കിൽ അതിന് എന്തൊക്കെയോ നടപടി ക്രമങ്ങളൊക്കെയില്ലേ?" പ്രകാശ് ചോദിച്ചു.

"ഉവ്വ്, പള്ളിയിൽ വച്ച് വിവാഹം നടത്തണമെങ്കിൽ ക്രിസ്ത്യാനിയായേ പറ്റൂ." മേരിയാണ് പറഞ്ഞത്.

"എന്തിനാ ഇത്ര വിഷമിച്ച് ഈ ഫോർമാലിറ്റീസൊക്കെ ചെയ്യുന്നേ? നമുക്കൊരു രജിസ്റ്റർ വിവാഹം നടത്തി ഒരു പാർട്ടിയും കൊടുത്താൽ പോരേ?" ബീനയാണ് വാദിക്കുന്നത്.

"നീയെന്താ അങ്ങനെയൊക്കെ പറയുന്നത് ബീനാ, നോക്ക്, നമ്മൾ ഇവിടെ കേരളത്തിലാ ജീവിക്കുന്നതെന്ന് മറക്കരുത്. ഒത്തിരി പേരോട് നമ്മൾ മറുപടി പറയേണ്ടി വരും. കുടുംബത്തിലും സുഹൃത്തുക്കൾക്കിടയിലുമൊക്കെ. നിങ്ങളെന്താ ഞങ്ങളുടെ വിഷമം മനസിലാക്കാത്തത്. നാട്ടിലേക്ക് വരും മുമ്പ് സബീനയെയും കുഞ്ഞിനെയും മാമോദീസ മുക്കാമെന്ന് ബിനു സമ്മതിച്ചിട്ടുണ്ട്. അവര് വരുമ്പോൾ നമുക്ക് നിങ്ങളുടെ കല്യാണവും നടത്താം. പ്രകാശിന് സമ്മതമാണെങ്കിൽ ക്രിസ്ത്യൻ രീതിയിൽ തന്നെ."പറഞ്ഞുതീരുമ്പോൾ മേരിയുടെ ശബ്ദം ഇടറിയിരുന്നു.അത് മനസിലാക്കി പ്രകാശ് പറഞ്ഞു.

''എനിക്കെങ്ങനെയായാലും കുഴപ്പമില്ല. ഏതിനും സമ്മതമാ. വീട്ടിൽ അച്ഛനും അമ്മയ്ക്കും ഹിന്ദുരീതിയിൽ വിവാഹം വേണമെന്ന് പറഞ്ഞേക്കും. നമുക്ക് രണ്ട് രീതിയിലും നടത്തിയേക്കാം. അപ്പോൾ പ്രശ്നമില്ലല്ലോ.വിവാഹക്കാര്യം അഛനോടും അമ്മയോടും ഞാൻ സംസാരിച്ചിട്ടുണ്ട് "

"അതാണെല്ലാർക്കും സന്തോഷമെങ്കിൽ കാര്യങ്ങൾ അങ്ങനെതന്നെയാവട്ടെ. രണ്ട് രീതിയിലുള്ള കല്യാണവും രണ്ട് പാർട്ടിയും നടക്കട്ടെ. ഒന്ന് ബാംഗ്ലൂരും ഒന്നിവിടെയും." ബീന പറഞ്ഞു.

ഒരു മാസം വേഗം കടന്നുപോയി. ബിനുവിനൊപ്പം സബീനയും സെബിനും തിരുവനന്തപുരത്തെത്തി. ജേക്കബും മേരിയും ബീനയും അവരെ സ്വീകരിക്കാൻ എയർപോർട്ടിലെത്തിയിരുന്നു. കണ്ടയുടനെ മേരി സെബിനെ കൈയിലെടുക്കാൻ നോക്കിയെങ്കിലും അവൻ കരഞ്ഞു.

"പള്ളിയിൽ ഞങ്ങളിവന് സെബാസ്റ്റ്യനെന്ന് പേരിട്ടു. സബീനയ്ക്ക് സൂസനെന്നും." ബിനു പറഞ്ഞു.

"നല്ല പേരുകൾ. എത്രനാളുണ്ടാകും നിങ്ങളിവിടെ?"

"നാലാഴ്ചത്തെ അവധിയേ ഉള്ളൂ ഡാഡീ."ബിനു പറഞ്ഞു.വീട്ടിലേക്കുള്ള യാത്രയ്ക്കിടെ ഒരുപാട് വിശേഷങ്ങൾ എല്ലാരും ചോദിച്ചറിഞ്ഞു.

"പ്രകാശുമായി ബീനയുടെ കല്യാണവും നിങ്ങളിവിടുള്ളപ്പോൾ നടത്തണം." ജേക്കബ് പറഞ്ഞു.

"എന്താ ഡാഡീ, രണ്ട് കല്യാണമുണ്ടെന്ന് പറയുന്ന കേട്ടല്ലോ ."

"രണ്ട് വീട്ടുകാരെയും സന്തോഷിപ്പിക്കാനാ എനിക്ക് രണ്ട് പ്രാവശ്യം വിവാഹം നടത്തേണ്ടിവരുന്നേ " ബീന പറഞ്ഞു.

"രണ്ട് പ്രാവശ്യം പോര ബീനാ. വിവാഹം രജിസ്റ്റർ ചെയ്യുകയും വേണം."ബിനു പറഞ്ഞു

"ഓ ദൈവമേ? ഒന്നു സ്നേഹിച്ചു പോയതിന്റെ ശിക്ഷയേ."

"സ്നേഹിക്കാൻ പോയപ്പോൾ ഇതൊക്കെ ചിന്തിക്കണമായിരുന്നു മോളേ."

മേരി തമാശയായി പറഞ്ഞു.

അടുത്ത ദിവസം രാവിലെ ബിനുവും സൂസനും സെബിനും കുമരകത്തിനുപോയി. സെബാസ്റ്റ്യനും അന്നമ്മയ്ക്കും കൊച്ചുമക്കളെ കണ്ട് സന്തോഷമായി. താജ് ഹോട്ടലിലായിരുന്നു അവർ താമസിച്ചത്. കാഞ്ഞിരപ്പള്ളിയിൽ മാത്തച്ചന്റെ ശവകുടീരത്തിങ്കൽ ചെന്ന് എല്ലാവരും പ്രാർഥിച്ചു. അവിടെ നിന്ന് തേക്കടിക്ക് പോയി. സൂസൻ ആദ്യമായാണ് കേരളത്തിൽ എത്തുന്നത്. കേരളത്തിന്റെ പച്ചപ്പും ചാരുതയും അവൾക്ക് വല്ലാതെ ഇഷ്ടമായി.

രണ്ടാഴ്ചയ്ക്കുള്ളിൽ ബീനയുടെയും പ്രകാശിന്റെയും വിവാഹം നിശ്ചയിച്ചു.ദിവസങ്ങൾക്കുള്ളിൽ ബാംഗ്ലൂരിൽവച്ച് ഹിന്ദുമതാചാരപ്രകാരം വിവാഹം നടന്നു. ജേക്കബിന്റെ ചെന്നൈയിലുള്ള സഹോദരനും ഭാര്യയും വിവാഹത്തിൽ പങ്കെടുത്തു. വിവാഹശേഷം ഗംഭീര വിരുന്നും ഒരുക്കിയിരുന്നു. പ്രകാശിന്റെ പിതാവ് വൻവ്യവസായിയാണ്. രാഷ്ട്രീയ, വ്യാവസായിക മേഖലകളിലെ പല പ്രമുഖരും വിവാഹത്തിൽ പങ്കെടുത്തു. ബാംഗ്ലൂരിൽ വിവാഹത്തിൽ പങ്കെടുത്ത് ബിനുവും സൂസനും ഹൈദരാബാദിനുപോയി. ഒരാഴ്ചയ്ക്കു ശേഷം തിരുവനന്തപുരത്ത് ക്രിസ്ത്യൻ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി പള്ളിയിൽ വച്ച് ബീനയും പ്രകാശും വിവാഹിതരായി. നിരവധി രാഷ്ട്രീയ നേതാക്കളും മറ്റ് സാംസ്കാരിക പ്രമുഖരും വിവാഹ ചടങ്ങുകളിലും സൽക്കാരത്തിലും പങ്കെടുത്തു.കാര്യങ്ങളെല്ലാം തങ്ങൾ ആഗ്രഹിച്ചതുപോലെയൊക്കെ നടന്നതിൽ ജേക്കബും മേരിയും സന്തോഷിച്ചു.

ബിനുവും സൂസനും ഡാഡിക്കും മമ്മിക്കുമൊപ്പം കുറച്ചു ദിവസം നിന്നു.

"സെബിൻ തൽക്കാലം ഇവിടെ നിൽക്കട്ടേ. ഞങ്ങളിവനെ നോക്കിക്കൊള്ളാം." മേരി ബിനുവിനോടായി

പറഞ്ഞു.

“ഞങ്ങളും അക്കാര്യം ആലോചിക്കാതിരുന്നില്ല മമ്മീ. ഞങ്ങൾ രണ്ടുപേരും ജോലിക്ക് പോകുമ്പോൾ കുഞ്ഞിനെ ഡേ കെയർ സെന്ററിലാക്കണം. അല്ലെങ്കിൽ ബേബി സിറ്ററെ വെക്കേണ്ടിവരും. ഇവിടെ നിർത്തിയാൽ മമ്മിക്കും ഡാഡിക്കും ബുദ്ധിമുട്ടാവില്ലല്ലോ അല്ലേ.”

“എന്തു ബുദ്ധിമുട്ട്. എനിക്ക് സമയം പോയി കിട്ടിക്കോളും.”

“താങ്ക്യൂ മമ്മീ, അവനെ കാണാഞ്ഞാലുള്ള വിഷമം എങ്ങനെ മാറുമെന്നറിയില്ല. എന്നാലും അവൻ ഒരു വർഷം ഇവിടെ നിൽക്കട്ടെ, അല്ലേ ബിനൂ.” സൂസൻ ചോദ്യഭാവത്തിൽ ബിനുവിനെ നോക്കി.

“ഓ.കെ. എനിക്ക് കുഴപ്പമൊന്നുമില്ല.”ബിനു പറഞ്ഞു.

ബിനുവും സൂസനും അടുത്തദിവസം അമേരിക്കയ്ക്ക് പറന്നു.ഡാഡിയെയും മമ്മിയെയും കാണാത്ത ദുഖം കുഞ്ഞിനുണ്ടാകാതിരിക്കാൻ മേരി കൂടുതൽ സമയം അവനൊപ്പം കഴിഞ്ഞു.